# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 1993 — 18-06-2013-ൽ മറുപടിക്ക്

### ഊർജ്ജ സമ്പാദ്യം - നോ ലോഡ്ഷെഡിംഗ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .എ.കെ.ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഊർജ്ജസമ്പാദ്യം-നോ ലോഡ്ഷെഡിംഗ് പദ്ധതിയിലൂടെ എത്ര വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞു എന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഈ പദ്ധതിയിലൂടെ ഏതെങ്കിലും പ്രദേശത്ത് ലോഡ്ഷെഡിംഗ് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) ലാഭപ്രഭയിൽ ചേർന്നവർ എത്ര യൂണിറ്റ് മൊത്തം ലാഭിച്ചു എന്നതിന്റെ കണക്ക് ഔദ്യോഗികമായി ബില്ലിംഗിലൂടെ തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. മെയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.1 ദശലക്ഷം യൂണിറ്റായിരുന്നു യഥാർത്ഥ ഉപഭോഗം. എന്നാൽ ഏപ്രിൽ മാസത്തിലെ കനത്ത വരൾച്ചയും ഉഷ്ണകാലാവസ്ഥയും മൂലം 56.5 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 59.5 ദശലക്ഷം യൂണിറ്റായിരുന്നു പ്രതിദിന ഉപഭോഗം എന്ന് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നു.<br><br>നോ ലോഡ് ഷെഡിംഗ് പ്രകാരം 10 ശതമാനം വൈദ്യുതി ലാഭിച്ച നാല് ഫീഡറുകളിൽ പവർകട്ട് ഒഴിവാക്കി നൽകിയിട്ടുണ്ട്. ഈ ഫീഡറുകൾക്ക് കീഴിൽ ആറ് പഞ്ചായത്തുകളാണ് ഉള്ളത്. മാർച്ചിൽ ആരംഭിച്ച ലാഭപ്രഭയ്ക്കൊപ്പം ഫീഡറുകൾ കേന്ദ്രീകരിച്ചുള്ള ഊർജ്ജ സംരക്ഷണത്തിനായി വൈദ്യുതി ബോർഡ് ആസൂത്രണം ചെയ്തതായിരുന്നു നോ ലോഡ്ഷെഡിംഗ് പദ്ധതി. സംസ്ഥാനത്തുട |

നീളമുള്ള ഇലക്ട്രിക്കൽ സർക്കിളുകൾക്ക് കീഴിൽ കുറഞ്ഞത് ഒരു ഫീഡർ വീതം തെരഞ്ഞെടുത്ത് അവയിൽ നിന്ന് വൈദ്യുതി ലഭിക്കുന്ന പ്രദേശങ്ങളിൽ ബോധവൽക്കരണം നടത്തി വൈദ്യുതി ഉപഭോഗം ഗണ്യമായി കുറയ്ക്കാനാണ് ഈ പദ്ധതി കൊണ്ടുവന്നത്. ഇങ്ങനെ തെരഞ്ഞെടുത്ത ഫീഡറുകൾക്ക് കീഴിലുള്ള പ്രദേശങ്ങളിൽ വൈദ്യുതി ഉപഭോഗം പത്തു ശതമാനമെങ്കിലും കുറയ്ക്കാനായാൽ, ആ പ്രദേശങ്ങളിൽ ലോഡ് ഷെഡിംഗ് ഒഴിവാക്കി നൽകുമെന്ന് ബോർഡ് പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ചാണ്, മാർച്ച് അവസാനം മുതൽ ജൂൺ 5 വരെയുള്ള കാലയളവിൽ ഇരിങ്ങാലക്കുടയിലെ വെണ്ടർപാടം 66 കെ.വി. സബ് സ്റ്റേഷനിലെ കാട്ടൂർ ഫീഡറിനും, മാവേലിക്കര ഡിവിഷനിലെ കറ്റാനം 33 കെ.വി. സബ് സ്റ്റേഷനിലെ ഗാനം ഫീഡറിനും, ചേർത്തല ഡിവിഷനിലെ എസ്.എൽ.പുരം 110 കെ.വി. സബ് സ്റ്റേഷനിലെ മുഹമ്മ ഫീഡറിനും, കുട്ടനാട് 66 കെ.വി. സബ് സ്റ്റേഷനിലെ പുളിങ്കുന്ന് ഫീഡറിനും കീഴിലുള്ള പ്രദേശങ്ങളെ ലോഡ് ഷെഡിംഗിൽ നിന്ന് ഒഴിവാക്കാൻ ബോർഡ് തീരുമാനിച്ചത്.

(ബി) ഈ രണ്ട് പദ്ധതികളുടെ പ്രചരണപ്രവർത്തനങ്ങൾക്ക് എത്ര രൂപ ചെലവായെന്ന് വ്യക്തമാക്കുമോ?;

(ബി) ലാഭപ്രഭ, നോ ലോഡ് ഷെഡിംഗ് പദ്ധതികളുടെ പ്രചാരണത്തിനായി മൊത്തം 6 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും 3.5 കോടി രൂപയുടെ ചെലവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളുടെ ഇതു സംബന്ധിച്ചുള്ള ബില്ലുകൾ കൂടി ലഭിച്ചുകഴിഞ്ഞാൽ മാത്രമേ കൃത്യമായ തുക അറിയാൻ കഴിയൂ.

സെക്ഷൻ ഓഫീസർ